(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/12/പൊ.മ.വ. പ്രകാരം 8 രണ്ടാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായിട്ടാണ് റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കി.മീ. റോഡുകളും, അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനുമായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 644 കി.മീ. റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) തടസ്സങ്ങളൊന്നും നിലവിലില്ല. റീഹാബിലിറ്റേഷൻ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. അപ്ഗ്രഡേഷൻ പാക്കേജിന്റെ ഡി.പി.ആർ. തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്.

ആർ.ഐ.സി. കേരള ലിമിറ്റഡിന്റെ പ്രവർത്തനം

266 (7237) ശ്രീ. എ. എ. അസീസ് :
ശ്രീ. കൊവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥ ഘടന വ്യക്തമാക്കുമോ ;

(സി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ ഉദ്യോഗസ്ഥ ഘടന താഴെചേർക്കുന്നു.

മാനേജിംഗ് ഡയറക്ടർ -	1
ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ -	1
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -	1
എക്സിക്യൂട്ടീവ് എഞ്ചിനീയർ -	1
ഡാറ്റാ എൻട്രി ഓപ്പറേറ്റർ -	1
ഓഫീസ് അസിസ്റ്റന്റ് -	2
പ്യൂൺ -	2
ഡ്രൈവർ -	2

കമ്പനിയിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ എല്ലാവർക്കും കരാർ/ദിവസക്കൂലി അടിസ്ഥാനത്തിലാണ് നിയമനം നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി വികസിപ്പിക്കുന്നതിന് മുഖം നൽകിയ സംസ്ഥാന റോഡ് വികസന പദ്ധ (എസ്.ആർ.ഐ.പി.) നടപ്പിലാക്കുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനം.

സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

287 (7238) ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) റോഡിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly